روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

**പ്രകൃതി ദുരന്തങ്ങൾ**

22/10/2021

بسم الله الرحمن الرحيم

- പ്രാപഞ്ചിക പ്രതിഭാസങ്ങൾ, പ്രകൃതി ദൃഷ്ടാന്തങ്ങൾ എന്നിവയടക്കം വിവിധ ആശയതലങ്ങളിൽ ഖുർആൻ അൽ ആയാത്ത് എന്ന പദം ഉപയോഗിച്ചിട്ടുണ്ട്
- അവിശ്വാസവും ധിക്കാരവും പാപങ്ങളുമായി മതിമറന്ന് ജീവിക്കുന്നവർക്കുള്ള പാഠമായാണ് പ്രകൃതിയിൽ പലപ്പോഴായി നടക്കുന്ന പ്രകൃതി ദുരന്തങ്ങൾ
- ബുദ്ധിയും വിവേകവുമുള്ള മനുഷ്യന് ഒന്നു കൂടി ഉയരാനും ഉണരാനും ഇത്തരം പരീക്ഷണങ്ങൾ ഇടയാക്കും.
- ചരിത്രത്തിൽ പല തരത്തിലുള്ള ദുരന്തങ്ങൾ സംഭവിച്ചിട്ടുണ്ട്.
- വെള്ളപ്പൊക്കം, മഹാവ്യാധികൾ, വെട്ട്കിളികൾ, പേനുകൾ, തവളകൾ, രക്തം, അട്ടഹാസം, ഭൂകമ്പം, ഇടി, മിന്നൽ, തീക്കാറ്റ്, പർവത പ്രകമ്പനം, രാജ്യം തല കീഴായി മറിക്കൽ തുടങ്ങി നിരവധി ഗൗരവ പരീക്ഷണങ്ങൾ ഖുർആൻ പ്രതിപാദിച്ചിട്ടുണ്ട്.
- ക്വുർആൻ വിവരിച്ച ദുരന്തങ്ങളെല്ലാം ഓരോ സമൂഹത്തിനും ശിക്ഷയായി ഇറങ്ങിയതാണ്.
- നമ്മുടെ നാട്ടിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ദുരന്തങ്ങൾ ശിക്ഷയാണ് എന്ന് ഉറപ്പിച്ചു പറയാൻ  യാതൊരു തെളിവും നമ്മുടെ കൈവശമില്ല.
- എങ്കിലും വിശ്വാസി സമൂഹം ഇത്തരം ദുരന്തങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതുണ്ട്.
- നമ്മുടെ നാട്ടിൽ തുടരെത്തുടെ പരീക്ഷണങ്ങൾ
- നിപ്പ, പ്രളയം, പ്രകൃതി ദുരന്തങ്ങൾ, കോവിഡ്, വീണ്ടും പ്രളയം.
- ഇപ്പോൾ അനുഭവിക്കുന്ന മഴയുമായി ബന്ധപ്പെട്ട പരീക്ഷണമാണ്.

### ❖ എന്താണ് മഴ?

1. മഴ അല്ലാഹുവിന്റെ അനുഗ്രഹമാണ്.
2. മഴ അല്ലാഹുവിന്റെ ശിക്ഷയുമാണ്.

- **മഴ അനുഗ്രഹമാണ് എന്നു ക്വുർആൻ**

മഴ അനുഗ്രഹമാണ് എന്ന് മനസ്സിലാക്കുന്ന ആയത്തുകളിലെല്ലാം الْغَيْثَ , ماء, എന്നു പ്രയോഗിച്ചതു കാണാം.

إِنَّ اللَّهَ عِندَهُ عِلْمُ السَّاعَةِ **وَيُنَزِّلُ الْغَيْثَ** وَيَعْلَمُ مَا فِي الْأَرْحَامِ وَمَا تَدْرِي نَفْسٌ مَّاذَا تَكْسِبُ غَدًا وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ تَمُوتُ إِنَّ اللَّهَ عَلِيمٌ خَبِيرٌ ﴿لقمان: ٣٤﴾

وَأَنزَلْنَا مِنَ السَّمَاءِ مَاءً بِقَدَرٍ فَأَسْكَنَّاهُ فِي الْأَرْضِ وَإِنَّا عَلَىٰ ذَهَابٍ بِهِ لَقَادِرُونَ ﴿المؤمنون: ١٨﴾

- **മഴ ശിക്ഷയാണ്.**

മഴ ശിക്ഷയാണ് എന്ന് ക്വുർആൻ പ്രയോഗിച്ചിടത്തെല്ലാം مَّطَرًا എന്ന പ്രയോഗമാണ് കാണാൻ കഴിയുന്നത്.

○ **സബഅ് ഗോത്രക്കാരുടെ കഥ.**

ഫലസമൃദ്ധവും ആളുകൾക്ക് ക്ഷേമൈശ്വര്യത്തോടെ കഴിഞ്ഞ് കൂടാൻ പറ്റിയതുമായ രണ്ട് തോട്ടങ്ങൾ അല്ലാഹു സബഉ ദേശക്കാർക്ക് കനിഞ്ഞ് നൽകിയിരുന്നു. സമീപത്തുണ്ടായിരുന്ന ഒരു പടുകൂറ്റൻ അണക്കെട്ടിൽ നിന്നായിരുന്നു ആ തോട്ടങ്ങൾക്കാവശ്യമായ വെള്ളം ലഭിച്ചിരുന്നത്.കാലക്രമേണ ജനങ്ങൾ നന്ദി കെട്ടവരായപ്പോൾ അല്ലാഹു ആ അണക്കെട്ട് തകർത്ത് ജലപ്രളയമുണ്ടാക്കി, ആ തോട്ടങ്ങളും നാടും നശിപ്പിച്ചു.

وَأَمْطَرْنَا عَلَيْهِم مَّطَرًا فَسَاءَ مَطَرُ الْمُنذَرِينَ ﴿الشعراء:١٧٣﴾

وَأَمْطَرْنَا عَلَيْهِم مَّطَرًا فَانظُرْ كَيْفَ كَانَ عَاقِبَةُ الْمُجْرِمِينَ ﴿الأعراف: ٨٤﴾

○ ആകാശത്ത് നിന്ന് അല്ലാഹു ഇറക്കുന്ന മഴ വെള്ളം നാം കുടിക്കുന്നു, കൃഷിക്ക് ഉപയോഗിക്കുന്നു.

○ എന്നാൽ അതേ മഴ തന്നെ ചിലപ്പോൾ നമ്മുടെ എല്ലാം തകർത്ത് സംഹാരതാണ്ഡവമാടുന്നു.

❖ പ്രളയം. (توفان)

○ ആദ്യത്തെ റസൂലാണ് നൂഹ് നബി (അ)

○ നീണ്ട വർഷങ്ങൾ അദ്ദേഹം പ്രബോധനം നിർവഹിച്ചു.

○ വളരെക്കുറച്ച് പേർ മാത്രമാണ് വിശ്വാസം സ്വീകരിച്ചത്.

- ○ പക്ഷെ അവർ വിശ്വാസം സ്വീകരിച്ചില്ലെന്ന മാത്രമല്ല, അദ്ദേഹത്തെ ഉപദ്രവിക്കാനും തുടങ്ങി.
- ○ അദ്ദേഹം അല്ലാഹുവോട് ദുആ ചെയ്യുന്നു.
- ○ അല്ലാഹു ആ സമൂഹത്തെ പ്രളയം കൊണ്ട് നശിപ്പിക്കുന്നു.

## ❖ ഫിർഔൻ

- ○ ഫിർഔനിനെ അല്ലാഹു മുക്കി നശിപ്പിച്ചത് വെള്ളം കൊണ്ടാണ്.
- ○ അദ്ദേഹം ചെയ്ത ധിക്കാരം ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

## ❖ മഴ വിശ്വാസികൾ അറിയേണ്ടത്.

- **സൃഷ്ടിപ്പിന്റെ തുടക്കം ജലത്തിൽ നിന്ന്**

أَوَلَمْ يَرَ الَّذِينَ كَفَرُوا أَنَّ السَّمَاوَاتِ وَالْأَرْضَ كَانَتَا رَتْقًا فَفَتَقْنَاهُمَا ۖ وَجَعَلْنَا مِنَ الْمَاءِ كُلَّ شَيْءٍ حَيٍّ ۖ أَفَلَا يُؤْمِنُونَ ﴾ الأنبياء:٣٠﴿

- **മനുഷ്യരുടെ ഭക്ഷണം വെള്ളത്തിൽ നിന്നാണ്.**

فَلْيَنظُرِ ٱلْإِنسَٰنُ إِلَىٰ طَعَامِهِۦٓ ﴿٢٤﴾ أَنَّا صَبَبْنَا ٱلْمَآءَ صَبًّا ﴿٢٥﴾ ثُمَّ شَقَقْنَا ٱلْأَرْضَ شَقًّا ﴿٢٦﴾ فَأَنۢبَتْنَا فِيهَا حَبًّا ﴿٢٧﴾ وَعِنَبًا وَقَضْبًا ﴿٢٨﴾ وَزَيْتُونًا وَنَخْلًا ﴿٢٩﴾ وَحَدَآئِقَ غُلْبًا ﴿٣٠﴾ وَفَٰكِهَةً وَأَبًّا ﴿٣١﴾ مَّتَٰعًا لَّكُمْ وَلِأَنْعَٰمِكُمْ ﴿٣٢﴾ (عبس)

- **മറ്റൊരു വചനത്തിൽ അല്ലാഹു പറഞ്ഞു;**

وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءًۢ بِقَدَرٍ فَأَسْكَنَّٰهُ فِى ٱلْأَرْضِ ۖ وَإِنَّا عَلَىٰ ذَهَابٍۭ بِهِۦ لَقَٰدِرُونَ ﴿١٨﴾ فَأَنشَأْنَا لَكُم بِهِۦ جَنَّٰتٍ مِّن نَّخِيلٍ وَأَعْنَٰبٍ لَّكُمْ فِيهَا فَوَٰكِهُ كَثِيرَةٌ وَمِنْهَا تَأْكُلُونَ ﴿١٩﴾ (المؤمنون)

മനുഷ്യനും കന്നുകാലികൾക്കും കുടിക്കാനും ഭക്ഷിക്കാനും വേണ്ടിയും സസ്യങ്ങൾ മുളപ്പിക്കുന്നതിനും നിർജ്ജീവമായ നാടുകളെ സജീവമാക്കുന്നതിനും വേണ്ടിയും അല്ലാഹു അവന്റെ കാരുണ്യമായി കൊണ്ട് മഴ വർഷിപ്പിക്കുന്നു.

## ❖ മഴ ലഭിക്കാതിരുന്നാൽ...

- മനുഷ്യന് മഴ ലഭിക്കാതിരുന്നാൽ അവന്റെ ജീവിതത്തിന്റെ ക്രമം തെറ്റും. (8/11)
- കൃഷി ഉണങ്ങിപ്പോകുന്നു. (31/10)
- കുടി വെള്ളം ലഭികാതെ മനുഷ്യരും മൃഗങ്ങളും ചത്തൊടുങ്ങുന്നു.

- അതു കൊണ്ട് മഴ നൽകുന്ന സ്രഷ്ടാവിനെ മനസ്സിലാക്കി അവന് കീഴൊതുങ്ങി ജീവിക്കണം.

يَٰٓأَيُّهَا ٱلنَّاسُ ٱعْبُدُوا رَبَّكُمُ ٱلَّذِى خَلَقَكُمْ وَٱلَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ ﴿٢١﴾ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ فَلَا تَجْعَلُوا لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ ﴿٢٢﴾ (البقرة)

### ❖ മഴ; വിശ്വാസികൾ പറയാൻ പാടില്ലാത്ത വാക്ക്.

عَنْ أَبِي هُرَيْرَةَ، عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ " مَا أَنْزَلَ اللَّهُ مِنَ السَّمَاءِ مِنْ بَرَكَةٍ إِلاَّ أَصْبَحَ فَرِيقٌ مِنَ النَّاسِ بِهَا كَافِرِينَ يُنْزِلُ اللَّهُ الْغَيْثَ فَيَقُولُونَ الْكَوْكَبُ كَذَا وَكَذَا " وَفِي حَدِيثِ الْمُرَادِيِّ " بِكَوْكَبِ كَذَا وَكَذَا.

അബൂഹുറൈറ(റ) നിവേദനം: നബി (സ്വ) പറഞ്ഞു : അല്ലാഹു ഉപരിലോകത്ത് നിന്ന് ഏതൊരു അനുഗ്രഹവും ഇറക്കിതരുമ്പോൾ ജനങ്ങളിൽ ഒരു വിഭാഗം അതിൽ അവിശ്വസിക്കാതിരുന്നിട്ടില്ല. അല്ലാഹു മഴ വർഷിക്കുമ്പോൾ അവർ പറയും: ഇന്ന യിന്ന നക്ഷത്രമാണ് അതിനു നിമിത്തമെന്നു. (മുസ്ലിം)

عَنْ زَيْدِ بْنِ خَالِدٍ الْجُهَنِيِّ، أَنَّهُ قَالَ صَلَّى لَنَا رَسُولُ اللَّهِ صلى الله عليه وسلم صَلاَةَ الصُّبْحِ بِالْحُدَيْبِيَةِ عَلَى إِثْرِ سَمَاءٍ كَانَتْ مِنَ اللَّيْلَةِ، فَلَمَّا انْصَرَفَ أَقْبَلَ عَلَى النَّاسِ فَقَالَ هَلْ تَدْرُونَ مَاذَا قَالَ رَبُّكُمْ . قَالُوا اللَّهُ وَرَسُولُهُ أَعْلَمُ. قَالَ أَصْبَحَ مِنْ عِبَادِي مُؤْمِنٌ بِي وَكَافِرٌ، فَأَمَّا مَنْ قَالَ مُطِرْنَا بِفَضْلِ اللَّهِ وَرَحْمَتِهِ فَذَلِكَ مُؤْمِنٌ بِي وَكَافِرٌ بِالْكَوْكَبِ، وَأَمَّا مَنْ قَالَ بِنَوْءِ كَذَا وَكَذَا فَذَلِكَ كَافِرٌ بِي وَمُؤْمِنٌ بِالْكَوْكَبِ

സൈദ്ബ്നു ഖാലിദ്(റ) നിവേദനം: ഹുദൈബിയ്യയിൽ വെച്ച് രാത്രി മഴ ലഭിച്ചതിന് ശേഷമുള്ള ഒരു സുബ്ഹ് നമസ്കാരം നബി (സ്വ) ഞങ്ങളുമായി നമസ്കരിച്ചു. നമസ്കാര ത്തിൽ നിന്ന് നബി (സ്വ) വിരമിച്ചപ്പോൾ ജനങ്ങളുടെ നേരെ തിരിഞ്ഞ് കൊണ്ട് അവിടുന്ന് പറഞ്ഞു. ഇന്ന് രാത്രി നിങ്ങളുടെ രക്ഷിതാവ് എന്താണ് പ്രസ്താവിച്ചതെന്ന് നിങ്ങ ൾക്കറിയുമോ? അവർ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റവും അറിവു ള്ളത്.നബി (സ്വ)പറഞ്ഞു. 'അല്ലാഹു പറഞ്ഞിരിക്കുന്നു: പ്രഭാതമായപ്പോൾ എന്റെ അടി മകളിൽ ചിലർ വിശ്വാസികളും മറ്റു ചിലർ അവിശ്വാസികളുമായിരിക്കു ന്നു. അല്ലാഹു വിന്റെ ഔദാര്യത്താലും കാരുണ്യത്താലും നമുക്ക് മഴ ലഭിച്ചു എന്ന് പറ

യുന്നവർ എന്നിൽ വിശ്വസിച്ചിരിക്കുന്നു; നക്ഷത്രങ്ങളിൽ അവിശ്വസിച്ചിരിക്കുന്നു. എന്നാൽ ഇന്നാലിന്ന നക്ഷത്രം കാരണമാണ് മഴ ലഭിച്ചത് എന്ന് പറയുന്നവർ എന്നിൽ അവിശ്വ സിച്ചവരും നക്ഷത്രങ്ങളെ വിശ്വസിച്ചവരുമാകുന്നു. (ബുഖാരി)

❖ **മഴക്കുവേണ്ടിയുള്ള പ്രാർത്ഥന**

اللّهُمَّ اسْقِنا غَيْثاً مُغيثاً مَريئاً مُريعاً، نافِعاً غَيْرَ ضار، عاجِلاً غَيْرَ آجِل

അല്ലാഹുവേ, സഹായപ്രദവും സുഖപ്രദവും ആരോഗ്യപ്രദവുമായ മഴ ഞങ്ങൾക്ക് കാലതാമസമില്ലാതെ, ഉടനെ തരേണമേ. അത് ഉപകാരപ്രദമായതും (വെള്ളപ്പൊക്കമോ ഉരുൾപൊട്ടലോ മറ്റൊ ആയി) ഉപദ്രവകരമല്ലാത്തതും ആക്കേണമേ. (അബൂദാവൂദ്)

❖ **മഴ വർഷിക്കുമ്പോഴുള്ള പ്രാർത്ഥന**

اللّهُمَّ صَيِّباً نافِعاً

'അല്ലാഹുവേ, പ്രയോജനപ്രദമായ മഴ നൽകേണമേ.' (ബുഖാരി)

❖ **മഴ ലഭിച്ചതിന് അല്ലാഹുവിന് നന്ദികാണിച്ചുള്ള പ്രാർത്ഥന**

مُطِرْنا بِفَضْلِ اللهِ وَرَحْمَتِه

അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് നമുക്ക് മഴ ലഭിച്ചു. (ബുഖാരി)

❖ **മഴ (അമിതമായാൽ) നിർത്തലാക്കുവാനുള്ള പ്രാർത്ഥന**

اللّهُمَّ حَوالَيْنا وَلا عَلَيْنا

അല്ലാഹുവേ! (ഈ മഴയെ) ഞങ്ങളുടെ ചുറ്റുഭാഗങ്ങളിലേക്ക് നീ ആക്കേണമേ. ഇതിനെ ഞങ്ങളുടെ മേൽ (ഒരു ശിക്ഷയായി) നീ ആക്കരുതേ.' (ബുഖാരി)

اللّهُمَّ عَلى الآكامِ وَالظِّراب، وَبُطونِ الأوْدِية، وَمَنابِتِ الشَّجر

അല്ലാഹുവേ, (ഈ മഴയെ) മേച്ചിൽ സ്ഥലങ്ങളിലും മലകളിലും താഴ്വരകളിലും മരങ്ങളുടെ വേരുകളിലും നീ ആക്കേണമേ.' (മുസ്ലിം)

**ദുരന്തങ്ങൾ നമ്മോട് പറയുന്നത്.**

- പല പ്രകൃതി ദുരന്തങ്ങളുടെയും വേരുകൾ തേടിപ്പോയാൽ മനുഷ്യരുടെ പ്രവർത്തന ഫലമായിട്ടാണ് ഉണ്ടാകുന്നത് എന്നു കാണാൻ കഴിയും
- നമ്മുടെ പ്രകൃതിയെ നാം നശിപ്പിക്കരുത്.
- ഉമർ (റ) ന്റെ കാലത്ത് ഭൂമികുലുക്കമുണ്ടായി.

فَقالَ، يا أيُّها النّاسُ ما كانَتْ هَذِهِ الزَّلْزَلَةُ إلّا عَنْ شَيْءٍ أحْدَثْتُمُوهُ، والَّذِي نَفْسِي بِيَدِهِ لَئِنْ عادَتْ لا أُساكِنُكُمْ فِيها أبَدًا

അപ്പോൾ അദ്ധേഹം പറഞ്ഞു: ഓ ജനങ്ങളേ നിങ്ങൾ പുതുതായി ചെയ്ത എന്തോ തിന്മയാണിതിന് കാരണം. അല്ലാഹുനെ തന്നെയാണ് സത്യം ഈ കുലുക്കം ഇനിയും മടങ്ങി വന്നാൽ നിങ്ങൾക്കീ ഭൂമിയിൽ ഒരിക്കലും വാസമുണ്ടാകില്ല. (ഇബ്നു അബീശൈബ)

അല്ലാഹു പറഞ്ഞത് നോക്കൂ.

أَوَلَا يَرَوْنَ أَنَّهُمْ يُفْتَنُونَ فِي كُلِّ عَامٍ مَّرَّةً أَوْ مَرَّتَيْنِ ثُمَّ لَا يَتُوبُونَ وَلَا هُمْ يَذَّكَّرُونَ ﴿التوبة: ١٢٦﴾

- ദുരന്തങ്ങൾ നമ്മെ ഭയപ്പെടുത്താറുണ്ട്.
- എന്നാൽ പരീക്ഷണങ്ങൾ നീങ്ങിയാൽ അല്ലാഹുവിനെ മറക്കും.
- പഴയ ജീവിതത്തിലേക്ക് തന്നെ തിരിച്ചു പോകും.
- പ്രകൃതി ദുരന്തങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളുക, അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുക
- ദുരതത്തിൽ പെട്ടവരുടെ നന്മക്ക് വേണ്ടി നമ്മാളാലാവും വിധം പ്രവർത്തിക്കുക.

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.
https://t.me/joinchat/ScQonQalrhJoZcA_